

# ഖുര്‍ആന്‍ ബോധനം

644

I എ.വൈ.ആര്‍

സൂറ-16

# അന്നഹ്ല്‍

هُوَ ٱلَّذِىٓ أَنزَلَ مِنَ ٱلسَّمَآءِ مَآءً ۖ لَّكُم مِّنْهُ شَرَابٌ وَمِنْهُ شَجَرٌ
فِيهِ تُسِيمُونَ ﴿١٠﴾
يُنۢبِتُ لَكُم بِهِ ٱلزَّرْعَ وَٱلزَّيْتُونَ وَٱلنَّخِيلَ وَٱلْأَعْنَـٰبَ وَمِن
كُلِّ ٱلثَّمَرَٰتِ ۗ إِنَّ فِى ذَٰلِكَ لَءَايَةً لِّقَوْمٍ يَتَفَكَّرُونَ ﴿١١﴾

10 അവനാകുന്നു നിങ്ങള്‍ക്ക് മാനത്തുനിന്ന് മഴ വര്‍ഷിച്ചു തന്നത്. അതില്‍ നിന്നാണ് നിങ്ങളുടെ കുടിവെള്ളം. നിങ്ങള്‍ക്കു കാലികളെ മേയ്ക്കാന്‍ സസ്യലതാതികളുാകുന്നതും അതിനാല്‍ തന്നെ.

11 അതുവഴി നിങ്ങള്‍ക്ക് ധാന്യവിളകള്‍ മുളപ്പിച്ചു തരുന്നു. ഒലീവും ഈത്തപ്പഴവും മുന്തിരിയും മറ്റെല്ലാ ഫലങ്ങളും ഉല്‍പാദിപ്പിക്കുന്നു. ചിന്തിക്കുന്ന ജനത്തിന് ഇതില്‍ വലിയ ദൃഷ്ടാന്തമു്.

هُوَ= അവന്‍(ആകുന്നു) ٱلَّذِىٓ أَنزَلَ= ഇറക്കിയവന്‍(വര്‍ഷിച്ചു തന്നത്) مِنَ ٱلسَّمَآءِ= മാനത്തുനിന്ന് مَآءً= വെള്ളം(മഴ)
لَّكُم مِّنْهُ= അതില്‍നിങ്ങള്‍ക്കു്(നിങ്ങളുടെ) شَرَابٌ= കുടിവെള്ളം وَمِنْهُ= അതില്‍നിന്ന്(തന്നെ)
شَجَرٌ= വൃക്ഷം(സസ്യലതാദികള്‍) ഉാകുന്നതും فِيهِ= അതില്‍( ആ സസ്യലതാദികളില്‍)
تُسِيمُونَ= നിങ്ങള്‍ മേയ്ക്കുന്ന(കാലികളെ മേയ്ക്കാന്‍) يُنۢبِتُ لَكُم= നിങ്ങള്‍ക്ക് മുളപ്പിച്ചു(തരുന്നു)
بِهِ= അതുകൊ്(വഴി) ٱلزَّرْعَ= കൃഷി, ധാന്യ വിളകള്‍ وَٱلزَّيْتُونَ= ഒലീവും وَٱلنَّخِيلَ= ഈത്തപ്പഴവും وَٱلْأَعْنَـٰبَ= മുന്തിരിയും
وَمِن كُلِّ ٱلثَّمَرَٰتِ= (ഉല്‍പാദിപ്പിക്കുന്നു) ഫലങ്ങളും (മറ്റ്)എല്ലാ(തരം) إِنَّ فِى ذَٰلِكَ= തീര്‍ച്ചയായും അതില്‍ ഉ്
لَءَايَةً= ഒരു(വലിയ)ദൃഷ്ടാന്തം തന്നെ لِّقَوْمٍ يَتَفَكَّرُونَ= ചിന്തിക്കുന്ന ജനത്തിന്ന്

**10-11:** ഇനി ഏതാനും സൂക്തങ്ങളില്‍, അല്ലാഹുവിന്റെ ഏകത്വത്തിന്റെയും യുക്തിജ്ഞാനത്തിന്റെയും ദൃഷ്ടാന്തങ്ങളായി പരസ്പരാശ്രിതവും പരസ്പര പൂരകങ്ങളുമായി നിലകൊള്ളുന്ന ചില പ്രാപഞ്ചിക പ്രതിഭാസങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. നാം കുടിക്കുന്ന വെള്ളമാണൊന്ന്. അതേ വെള്ളത്താല്‍ തന്നെയാണ് നാം തിന്നുന്ന ആഹാരപദാര്‍ഥങ്ങളും ഉാകുന്നത്. ജീവന്റെ ഉത്ഭവം തന്നെ വെള്ളത്തില്‍ നിന്നാണെന്ന് ഖുര്‍ആന്‍ പറയുന്നു്. ഭൗതിക ശാസ്ത്രവും ഇതംഗീകരിക്കുന്നു. ജീവനെ ഉളവാക്കുക മാത്രമല്ല, നിലനിര്‍ത്തുന്നതും വെള്ളമാണ്. ആഹാരമില്ലാതെ ജീവികള്‍ക്ക് കുറെനാള്‍ ജീവന്‍ നിലനിര്‍ത്താന്‍ സാധിച്ചേക്കും. വെള്ളമില്ലാതെ രോ നാലോ ദിവസത്തിലധികം ജീവിക്കാനാവില്ല. മാംസാഹാരമായാലും മത്സ്യാഹാരമായാലും സസ്യാഹാരമായാലും മനുഷ്യര്‍ക്കും മറ്റു ജീവികള്‍ക്കും അതെല്ലാം ലഭിക്കുന്നത് ജലത്തിലൂടെയാണ്. ആഹാരം മാത്രമല്ല, പ്രാണവായുവും ഉല്‍പാദിതമാക്കുന്നത് വെള്ളത്തിലൂടെയാണ്. കടലിലെ തിരമാലകള്‍ നിരന്തരം ഓക്സിജന്‍ ഉല്‍പാദിപ്പിച്ചുകൊിരിക്കുന്നു. സസ്യങ്ങള്‍ അന്തരീക്ഷത്തില്‍നിന്ന് കാര്‍ബണ്‍ വലിച്ചെടുത്ത് ഓക്സിജന്‍ പുറത്തുവിടുന്നു. ഇങ്ങനെ നോക്കിയാല്‍ മനുഷ്യന്റെയും തിര്യക്കുകളുടെയും സസ്യങ്ങളുടെയുമെല്ലാം ജീവിതത്തിനാധാരം വെള്ളമാണെന്നുകാണാം. വെള്ളമില്ലെങ്കില്‍ ഭൂമി നിര്‍ജീവമാകുന്നു. وَٱللَّهُ أَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَحْيَا بِهِ ٱلْأَرْضَ بَعْدَ مَوْتِهَآ (അല്ലാഹു മാനത്തുനിന്ന് മഴയിറക്കി. അങ്ങനെ ഭൂമിയെ അത് മരിച്ചശേഷം അവന്‍ ജീവിപ്പിച്ചു) എന്ന് ഖുര്‍ആന്‍ ആവര്‍ത്തിച്ചു പറയുന്നു്.

ഒരു ഓക്സിജന്‍ അണുവും ര് ഹൈഡ്രജന്‍ അണുവും ചേര്‍ന്നു പരസ്പരം പ്രവര്‍ത്തിച്ചാണ് ജല തന്മാത്രയുാകുന്നതെന്ന് ഭൗതിക ശാസ്ത്രം പറയുന്നു. ഓക്സിജന്‍ അണു ഹൈഡ്രജന്‍ അണുവില്‍നിന്ന് ഇലക്ട്രോണുകളെ ആകര്‍ഷിക്കുന്നു. ഇതുവഴി ജലതന്മാത്രയിലെ ഓക്സിജന്‍ അണു നെഗറ്റീവ് ചാര്‍ജും ഹൈഡ്രജന്‍ പോസിറ്റീവ് ചാര്‍ജുമുള്ളതായിത്തീരുന്നു. അണുക്കളുടെ ഈ പരസ്പര പ്രവര്‍ത്തനമാണ് ജലത്തെ ജീവന്റെ ആത്യന്തികാധാരമാക്കിയതത്രെ. ഭൂമി

യിൽ മൂന്നിൽ രു ഭാഗവും വെള്ളമാണ്. അതിൽ 97 ശതമാനത്തോളം സമുദ്രത്തിലാണ്. ബാക്കിയുള്ളതാണ് മഞ്ഞു മലകളിലും നദികളിലും ഭൂഗർഭത്തിലുമായി ഉള്ള ശുദ്ധജലം. യുഗാന്തരങ്ങളായി തുഷരമായ ഈ ശുദ്ധജലം മഹാഭൂരിപക്ഷമായ ഉപ്പ് വെള്ളവുമായി ചേരാതെ ശുദ്ധ ജലമായി നിലനിൽക്കുന്നത് അല്ലാഹുവിന്റെ ആസൂത്രണ വൈഭവം ഒന്നുകൊുമാത്രമാണ്. സ്വാഭാവിക ജലം ദ്രാവക രൂപത്തിലാണെങ്കിലും ചിലപ്പോഴത് ഐസ് എന്ന ഖര രൂപവും ചിലപ്പോൾ നീരാവി എന്ന വാതക രൂപവും പ്രാപിക്കുന്നു. ഐസിലും നീരാവിയിലും ജല ജീവികൾക്ക് ജീവിതം അസാധ്യമാകുന്നു. ഐസായാലും നീരാവിയായാലും ദ്രാവക ജലത്തിന്റെ മീതെയാണ് സ്ഥിതി ചെയ്യുക. ജലം ഐസാകുമ്പോൾ സാന്ദ്രത കുറയുന്നതിനാൽ വെള്ളത്തിനു മുകളിൽ പൊങ്ങിക്കിടക്കും. അതുകൊ് ജലത്തിന്റെ അടിയൊഴുക്കിനെയോ ജലജീവികളുടെ നിലനിൽപിനെയോ അതു ബാധിക്കുന്നില്ല. ഗുരുത്വാകർഷണത്തിനെതിരായി നേർത്ത തന്തുക്കളിലൂടെ മേലോട്ട് സഞ്ചരിക്കാനുള്ള കഴിവും ജലത്തിന്. വെള്ളത്തിന്റെ ഈ സ്വഭാവത്തിലൂടെയാണ് മണ്ണിലെ പോഷകങ്ങൾ ചെടികളുടെ കാണ്ഡങ്ങളിലും ശാഖകളിലുമെത്തുന്നത്.

പ്രപഞ്ചത്തിൽ കോടാനുകോടി ഗ്രഹങ്ങളും ഗോളങ്ങളുമു്. ഭൂമിയെപ്പോലെ ജലസാന്നിധ്യമുള്ള മറ്റൊരു ഗ്രഹം ഇതുവരെ മനുഷ്യൻ കത്തെിയിട്ടില്ല. ഭൂമിയെപ്പോലെ ജലസാന്നിധ്യത്തിലുള്ള ഗ്രഹങ്ങൾ മറ്റേതോ സൗരയൂഥങ്ങളിൽ ഉാവാനുള്ള സാധ്യത ശാസ്ത്രജ്ഞന്മാർ കത്തെിയതായി അടുത്തകാലത്ത് പത്രങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു. ഭൂമിയും ആകാശവും പലതുെന്ന് ഖുർആനും സൂചിപ്പിക്കുന്നു്. ٱللَّهُ ٱلَّذِى خَلَقَ سَبْعَ سَمَٰوَٰتٍ وَمِنَ ٱلْأَرْضِ مِثْلَهُنَّ (സപ്തവാനങ്ങളെയും അവയെപ്പോലെ ഭൂമിയെയും സൃഷ്ടിച്ചവനാകുന്നു അല്ലാഹു – 65:12) ആരാണ് ഭൂമിയെ ഈ വിധം സജലവും ജീവിതക്ഷമവുമാക്കിയത്? എങ്ങനെയാണ് ഭൂമിയിൽ ജലമുളവായത്? ഭൗതിക ശാസ്ത്രത്തിന് അതിന്റേതായ മറുപടിയുാവാം. അവർ പറയുന്നതു പക്ഷേ, പദാർഥം ഉളവാകുന്നതിനും നശിക്കുന്നതിനും കാരണമാകുന്ന പ്രകൃതി നിയമങ്ങളാണ്. ഓക്സിജനും ഹൈഡ്രജനും ചേർന്ന് വെള്ളമുായി എന്ന് ഭൗതികശാസ്ത്രം പറഞ്ഞുതരുന്നു. പക്ഷേ, ആധ്യാത്മീയ ചിന്ത അന്വേഷിക്കുന്നത് ഓക്സിജന്റെയും ഹൈഡ്രജന്റെയും സ്രഷ്ടാവാര്, അവ രും ഇന്ന അനുപാതത്തിൽ ചേർന്നാൽ ജലമുാകണമെന്ന് നിയമം നിർമിച്ചതാര് എന്നാണ്. ഇതിനുള്ള ഖുർആന്റെ മറുപടിയാണ് هُوَ ٱلَّذِىٓ أَنزَلَ مِنَ ٱلسَّمَآءِ مَآءً......... എന്നത്.

ഭൂമിയിലെ ജലം സൂര്യതാപമേറ്റ് ആവിയായി മേലോട്ടുയർന്ന് മേഘമായി ഘനീഭവിച്ച് പിന്നീട് തണുത്ത് വീും ഭൂമിയിലേക്കിറങ്ങുന്നതാണ് മഴയെന്ന് പൊതുവിൽ മനസ്സിലാക്കപ്പെട്ടിരിക്കുന്നു. ഒരിടത്തുനിന്നു പൊങ്ങുന്ന ആവി അവിടെത്തന്നെ വീഴുകയല്ല. അതുമേഘമായി പലപലദിക്കുകളിലേക്ക് സഞ്ചരിച്ചുകൊിരിക്കുകയാണ്. എന്നിട്ട് ഭൂമിയുടെ നാനാഭാഗങ്ങളിലുമായി പെയ്തിറങ്ങുന്നു.

وَهُوَ ٱلَّذِىٓ أَرْسَلَ ٱلرِّيَٰحَ بُشْرًۢا بَيْنَ يَدَىْ رَحْمَتِهِۦ ۚ وَأَنزَلْنَا مِنَ ٱلسَّمَآءِ مَآءً طَهُورًا ﴿٤٨﴾ لِّنُحْـِۧىَ بِهِۦ بَلْدَةً مَّيْتًا وَنُسْقِيَهُۥ مِمَّا خَلَقْنَآ أَنْعَٰمًا وَأَنَاسِىَّ كَثِيرًا ﴿٤٩﴾

(തന്റെ അനുഗ്രഹത്തിന്റെ സുവിശേഷമായി കാറ്റുകളെ അയച്ചതവനാകുന്നു. അങ്ങനെ വിണ്ണിൽനിന്നു ശുദ്ധജലമിറക്കി; മൃതമായിക്കിടക്കുന്ന നാട്ടിനെ അതുവഴി സജീവമാക്കുന്നതിനും തന്റെ സൃഷ്ടികളായ ധാരാളം മൃഗങ്ങൾക്കും മനുഷ്യർക്കും കുടിനീരേകുന്നതിനും – 25: 48,49).

മഴ പെയ്തിറങ്ങുന്നതിലെ ആസൂത്രണം തന്നെ എത്ര അത്ഭുതകരമാണ്. വെള്ളം ആവിയായിടത്തുതന്നെ പെയ്തിറങ്ങുകയാണെങ്കിൽ ജലസാന്നിധ്യമില്ലാത്ത സ്ഥലങ്ങളിൽ ഒരിക്കലും മഴ പെയ്യുകയില്ല. മഴ കിട്ടുക കടലിലും തടാകങ്ങളിലും നദികളിലും മാത്രമായിരിക്കും. ഭൂമിയിലുാകുന്ന മഴയൊക്കെ ഏതെങ്കിലും ഒരു രാജ്യത്തോ ഒരു ഭൂഖണ്ഡത്തിലോ മാത്രം പെയ്യുകയാണെങ്കിൽ അല്ലെങ്കിൽ ഒരു മേഖലയിലുാകുന്ന മഴ അതിലെ ഒരു പ്രത്യേക സ്ഥലത്തുമാത്രം പെയ്യുകയാണെങ്കിൽ അതുമല്ലെങ്കിൽ മഴയുടെ ഇറക്കം ഇപ്പോൾ അനുഭവപ്പെടുന്നതുപോലെ തുള്ളിയായിട്ടല്ലാതെ ഒന്നായി പൊട്ടി വീഴുന്ന രൂപത്തിലാണെങ്കിൽ ഒക്കെ എന്തായിരിക്കും അവസ്ഥ എന്ന് ഒന്നാലോചിച്ചു നോക്കുക. ചില സ്ഥലങ്ങളിൽ വല്ലപ്പോഴുമുാകുന്ന അതിവൃഷ്ടി അതിന്റെ അപകടാവസ്ഥ നമുക്കുകാണിച്ചു തരുന്നു്. ഇങ്ങനെ ആലോചിച്ചു നോക്കിയാൽ ജലം എന്ന പ്രതിഭാസത്തിന്റെ ഗുണങ്ങളെയും ഘടനയെയും അതു പെയ്തിറങ്ങുന്ന ക്രമത്തെയും കുറിച്ചു മാത്രം മനസുകൊടുത്ത് ആലോചിച്ചു നോക്കിയാൽ മതി, അല്ലാഹുവിന്റെ സൃഷ്ടി വൈഭവത്തിനു മുമ്പിൽ നാം സാഷ്ടാംഗ പ്രണാമത്തിൽ വീഴാൻ. അതെ, ചിന്തിക്കുന്നവർക്ക് വലിയൊരു ദൃഷ്ടാന്തം തന്നെയാണത് إِنَّ فِى ذَٰلِكَ لَءَايَةً لِّقَوْمٍ يَتَفَكَّرُونَ.

സൂക്തങ്ങളുടെ രത്നസാരമിതാണ്: മനുഷ്യർ കുടിക്കുന്ന, അവരുടെ കാലികൾക്കു മേഞ്ഞു തിന്നാൻ പുൽച്ചെടികൾ മുളപ്പിക്കുന്ന, അവർ നട്ടുനനച്ച് ധാന്യങ്ങളും ഒലിവ്, ഈത്തപ്പഴം മുന്തിരി തുടങ്ങിയ നാനാതരം ഫലങ്ങളുൽപാദിപ്പിക്കുന്ന വെള്ളം മാനത്തുനിന്ന് അവർക്ക് പെയ്തിറക്കിക്കൊടുക്കുന്നത് അല്ലാഹുവാണ്. വെള്ളം എന്ന പ്രതിഭാസത്തിന്റെ സ്വഭാവവും പ്രവർത്തനവും സാക്ഷ്യപ്പെടുത്തുന്നത് ഭൂമിക്ക് ഒരു ദൈവവും ആകാശ ലോകത്തിന് മറ്റൊരു ദൈവവും എന്നാണോ അതല്ല ആകാശ ഭൂമികളുടെ പരസ്പരാശ്രിതത്വവും രഞ്ജിപ്പും വ്യവസ്ഥാപിതമായ പ്രവർത്തനവും സാക്ഷ്യപ്പെടുത്തുന്നത് രു ലോകത്തും നടക്കുന്നത് ഒരേ ഒരു അസ്തിത്വത്തിന്റെ ഇഛയും ആസൂത്രണവും അധികാരവുമാണെന്നാണോ? യുക്തിപൂർവം ചിന്തിക്കുന്ന ആർക്കും മുഴുവൻ പ്രപഞ്ചത്തെയും സൃഷ്ടിച്ചു പരിപാലിക്കുന്നത് ഒരേയൊരു ദൈവമാണെന്നതിന്റെ ദൃഷ്ടാന്തമായേ അതിനെ കാണാൻ കഴിയൂ. ഇത് തൗഹീദിന്റെ– ഏകദൈവത്വത്തിന്റെ മാത്രം ദൃഷ്ടാന്തമല്ല; പരലോകത്തിന്റെ കൂടി ദൃഷ്ടാന്തമാകുന്നു. സൃഷ്ടാവിന്റെ അനുഗ്രഹങ്ങൾ അനുഭവിച്ചു വാഴുന്നവരെ സൃഷ്ടിച്ചതിന് ഒരു ലക്ഷ്യമുായിരിക്കുക എന്നത് ഈ അനുഗ്രഹങ്ങളുടെ കണിശമായ വ്യവസ്ഥാപിതത്വത്തിന്റെയും യുക്തിയുക്തതയുടെയും അനിവാര്യ താൽപര്യമാണ്. അങ്ങനെ ഒരു ലക്ഷ്യമുങ്കെിൽ, സൃഷ്ടികൾ ആ ലക്ഷ്യം യഥാവിധി നിർവഹിച്ചുവോ ഇല്ലേ എന്നു പരിശോധിക്കപ്പെടുകയും, നിർവഹിച്ചവർക്കും നിർവഹിക്കാത്തവർക്കും വ്യത്യസ്തമായ അനന്തരഫലം ലഭിക്കുകയും ചെയ്യുന്ന ഒരവസരം ഉാവുക എന്നതും അനിവാര്യമായിത്തീരുന്നു. ●